File No.SJD/1853/2022-F2

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 11/05/2022
Email-swdkerala@gmail.com
Phone-0471-2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് -ഇലക്ട്രോണിക്കായി ഫയലുകൾ / തപാലുകൾ സൃഷ്ടിക്കുന്ന സമയത്ത് ഫയൽ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തണമെന്ന നിർദ്ദേശം- സംബന്ധിച്ച്.

സൂചന:- വിവര സാങ്കേതിക വിദ്യാ വകുപ്പ് ഡയറക്ടറുടെ 22.04.2022 തിയതിയിലെ പരിപത്രം.

ഇലക്ട്രോണിക്സ് ഫയൽ സംവിധാനം ഏർപ്പെടുത്തിയ വകുപ്പുകളിലെയും ഓഫീസുകളിലെയും ഫയൽ നീക്കം പൊതുജനങ്ങൾക്ക് ഓൺലൈനായി അറിയുന്നതിനുള്ള സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ടെന്നും എന്നാൽ ടി ഫയൽ സൃഷ്ടിക്കുന്ന സമയത്ത് ഫയൽ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ യഥാസ്ഥ ാനത്ത് രേഖപ്പെടുത്താത്തത് കാരണം ഫയലിന്റെ സ്ഥ ിതി വിവരം അറിയുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടെന്നും സൂചന കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. അതിനാൽ ഇലക്ട്രോണിക് ഫയൽ / തപാലുകൾ സൃഷ്ടിക്കുന്ന സമയത്ത് അപേക്ഷയിലെ പ്രതിപാദ്യവിഷയം , ആപേക്ഷ സമർപ്പിച്ച ആളിന്റെ പേര്, തസ്തിക, വിലാസം, ഫോൺ നമ്പര്, ഇ-മെയിൽ ഐ .ടി, കത്തിന്റെ നമ്പർ, തിയതി തുടങ്ങിയ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തണമെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലും, വകുപ്പിന്റെ കീഴിലെ എല്ലാ കാര്യാലയങ്ങളിലും തപാലുകൾ ഇ-ഓഫീസ് സംവിധാനത്തിൽ ഉൾപ്പെടുത്തുമ്പോഴും പുതുതായി ഫയൽ സൃഷ്ടിക്കുമ്പോഴും മേൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തി വേണം തപാലുകൾ/ഫയലുകൾ സൃഷ്ടിക്കപ്പെടേണ്ടത് എന്ന വിവരം എല്ലാ ജീവനക്കാരും പാലിക്കുന്നവെന്ന സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാർ നിരിക്ഷിക്കേണ്ടതും തൻപതിവേട് പരിശോധനയിൽ ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നല്കേണ്ടതുമാണ്. എല്ലാ ഓഫീസ് മേധാവികളും തങ്ങളുടെ ഒഫീസിൽ സൃഷ്ടിക്കപ്പെടുന്ന ഫയലുകളുടെ നാമകരണവും പ്രതിപാദ്യ വിഷയവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നവെന്നും ഇവ ഫയൽ സെർച്ച് വഴി തിരഞ്ഞ കണ്ടുപിടിക്കുന്നതിന് സഹായകരമായ വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾ രേഖപ്പെടുത്തുന്നവെന്നും നിരിക്ഷിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നല്കി പൊതു ജനങ്ങൾക്ക് തങ്ങളുടെ ഫയലിലെ സ്ഥ ിതികൾ അറിയുന്നതിന് ആവശ്യമായ വിവരങ്ങൾ ഇ - ഒഫീസ് സംവിധാനത്തിലേക്ക് സ്കാനിങ്ങിന് ശേഷം നല്കുന്നവെന്നും ഉറപ്പാക്കേണ്ടതുമാണ്.

**M. ANJANA IAS**
**സാമൂഹ്യനീതി ഡയറക്ടർ**

ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും
എല്ലാ കീഴ് കാര്യാലയങ്ങൾക്കും